# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1942 — 07-12-2015-ൽ മറുപടിയ്ക്ക്

## കാരുണ്യ ബനവലന്റ് ഫണ്ടിൽ ഉൾപ്പെട്ടവരുടെ ചികിത്സാ ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ആർ. രാജേഷ് : | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) | കാരുണ്യ ബനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ചികിത്സാ ധനസഹായം ലഭിക്കുന്നതിന് നൽകിയ അപേക്ഷകളിൽ ആയിരത്തിൽപരം രോഗികൾക്ക് സഹായം നൽകിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കാരുണ്യബനവലന്റ് ഫണ്ട് (കെ.ബി.എഫ്) ന്റെ സംസ്ഥാനതല സമിതി അംഗീകരിച്ചിട്ടും നാളിതുവരെ ചികിത്സാ സഹായം നൽകാത്തവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | സ്റ്റേറ്റ് ലവൽ കമ്മറ്റി അംഗീകരിച്ച 1207 അപേക്ഷകൾക്ക് ധനസഹായം നൽകാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ധനസഹായ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കെ.ബി.എഫ്-ൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ ചികിത്സാ ധനസഹായം ലഭിച്ച രോഗികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | കെ.ബി.എഫ്.-ൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ 8,424 പേർക്ക് 30.07.2015 വരെയുള്ള കാലയളവിൽ 51,25,90,298/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ www.karunya.kerala.gov.in എന്ന കാരുണ്യയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കെ.ബി.എഫ്-ൽ അപേക്ഷ നൽകിയ വിജയൻ.എസ്., പോക്കാട് വീട്,വള്ളിക്കുന്നം പി.ഒ., മാവേലിക്കര, ആലപ്പുഴ (KBFSS – 10288/14) എന്ന വ്യക്തിക്ക് ധനസഹായം നൽകിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) & (ഇ) | ശ്രീ. വിജയൻ.എസ്., പോക്കാട് വീട്, വള്ളിക്കുന്നം പി.ഒ., മാവേലിക്കര, ആലപ്പുഴയുടെ അപേക്ഷയിന്മേൽ ധനസഹായ അനുമതി സർക്കാർ നൽകിയിട്ടുണ്ട്. ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | അപേക്ഷകന് ചികിത്സാധനസഹായം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ: വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ.